**GOVERNMENT VHSS KOTHALA, KOTTAYAM.**

Theme chosen for Case study :

Leading Community Partnerships for School

Transformation

Name of the School Head /Case Study writer :

KRISHNAKUMAR B

Name of the School with full postal address :

GOVERNMENT VHSS KOTHALA,

S N PURAM P.O,

Pin: 686502

KOTTAYAM. KERALA

E-mail address :

krishnakumarachary@gmail.com

ghskothala@gmail.com

Whatsapp Number :

9447800348

Instagram page:

gvhss_kothala_edakkattukunnu

Signature of the School Head/Case study writer & Official Seal:



<u>ആമുഖം</u>

എന്റെ പേര് കൃഷ്ണകുമാർ ബി . ഞാൻ 2025 ജൂൺ മാസം ഹെഡ്മാസ്റ്ററായി കോട്ടയം ജില്ലയിലെ ഗവണ്മെന്റ് വൊക്കേഷണൽ എച്ച് എസ് എസ് കോത്തലയിൽ ജോയിൻ ചെയ്തു .1912 ആരംഭിച്ച വിദ്യാലയമാണ് .കൂരോപ്പട പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ഇവിടെ ഒരു കാലഘട്ടത്തിൽ ആയിരത്തിലധികം കുട്ടികൾ പഠിച്ചിരുന്നു .എന്നാൽ ഇന്ന് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 80 കുട്ടികളാണുള്ളത്.പ്രീ പ്രൈമറിയിൽ 9 കുട്ടികൾ.

തികച്ചും സാധാരണക്കാരായ രക്ഷിതാക്കൾ,മിടുക്കരായ കുട്ടികൾ,കുട്ടികളെ മക്കളെപ്പോലെ സ്നേഹിക്കുന്ന ,ആത്മാർഥതയോടെ പഠിപ്പിക്കുന്ന അധ്യാപകർ ,രാഷ്ട്രീയ ചിന്തകൾക്കപ്പുറം സ്കൂളിന് വേണ്ടി നിലകൊള്ളുന്ന ജനപ്രതിനിധികൾ ,നാട്ടിലെ വിദ്യാലയത്തിന്റെ പുരോഗതിക്കു വേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായിട്ടുള്ള നാട്ടുകാർ,ഉത്തരവാദിത്തമുള്ള രക്ഷാകർതൃ സമിതി ,പഠിച്ച വിദ്യാലയത്തെ അകമഴിഞ്ഞ് സ്നേഹിക്കുന്ന പൂർവ്വവിദ്യാർത്ഥികൾ .....ഈ സാഹചര്യങ്ങളെല്ലാം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ വിദ്യാലയത്തെ അതിന്റെ പഴയ പ്രതാപ കാലത്തേക്ക് കൊണ്ടുപോകുവാൻ ഒരു പ്രഥമാധ്യാപകൻ എന്ന നിലയിൽ എനിക്ക് സാധിക്കും എന്ന് തോന്നി .

***ഒരു യഥാർത്ഥ ലീഡറിന്റെ കർത്തവ്യം കുറെ അനുയായികളെ സൃഷ്ടിക്കുകയല്ല , മറിച്ച് അനേകം ലീഡർമാരെ സൃഷ്ടിക്കുകയാണ് .***

കുട്ടികളും,അധ്യാപകരും മാത്രമല്ല,രക്ഷിതാക്കളും,പൂർവ്വവിദ്യാർത്ഥികളും ,പൂർവ്വാധ്യാപകരും ,ജനപ്രതിനിധികളും,നാട്ടുകാരും ,നാട്ടിലെ വിവിധ സ്ഥാപനങ്ങളും എല്ലാവരുമൊന്നായി ആ നാട്ടിലുള്ള വിദ്യാലയത്തിന്റെ നിലനിൽപ്പിനെ സ്വന്തം ഉത്തരവാദിത്തമായി കാണുമ്പോഴാണ് അത് ജനകീയ വിദ്യാലയമാകുന്നത് .

ഈ കണ്ണികളെ ചേർത്ത് നിർത്തി ബലപ്പെടുത്തി മുന്നോട്ടു നയിക്കുകയെന്നുള്ളതാണ് പ്രഥമാധ്യാപകനെന്ന നിലയിൽ എന്റെ കടമ.ആയതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി.അതിൽ മികച്ചതും വ്യത്യസ്തമായതുമായ ചിലത് ഇവിടെ ഉൾപ്പെടുത്തുന്നു .

- പൂർവ്വ വിദ്യാർത്ഥി സന്തോഷ് വർഗീസ് പ്രീ പ്രൈമറി കുട്ടികൾക്ക് പഠന ഉപകരണ വിതരണം നടത്തി .



കോത്തല ഗവ.വിഎച്ച്എസ്എസ് സ്കൂളിലെ പ്രൈമറി വിദ്യാർഥികൾക്ക് നൽകിയ പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം പൂർവവിദ്യാർഥി സന്തോഷ് വർഗീസ് നിർവഹിക്കുന്നു.

**പഠനോപകരണങ്ങൾ വിതരണം ചെയ്തു**

എസ്എൻപുരം • കോത്തല ഗവ.വിഎച്ച്എസ്എസ് സ്കൂളിലെ പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

സ്കൂളിലെ പൂർവ വിദ്യാർഥി സന്തോഷ് വർഗീസ് പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം നടത്തി. ഭാഷ, ഗണിതം, പെൻസിലുകൾ എന്നിവ പഠിക്കുന്നതിനു ആവശ്യമായ കിറ്റുകളാണ് കുട്ടികൾക്ക് വിതരണം ചെയ്തത്. ഹെഡ്മാസ്റ്റർ ബി.കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. അധ്യാപകരായ എസ്.റജി, ഷീല ജോസഫ്, ആർ.രാജലക്ഷ്മി, അജിമോൾ ജോർജ്, എൽജോ ടി.ആൻഡ്രൂസ് എന്നിവർ പ്രസംഗിച്ചു.

**ബാഗും മഴക്കോട്ടും നൽകി**

കോത്തല • നാഷനൽ എക്സ്സർവീസ്മെൻ കോഓർഡിനേഷൻ കമ്മിറ്റി കൂരോപ്പട യൂണിറ്റിന്റെ നേതൃത്വത്തിൽ കോത്തല എൻഎസ്എസ് ഹൈസ്കൂളിലെ വിദ്യാർഥികൾക്ക് ബാഗും മഴക്കോട്ടും വിതരണം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജോൺസൺ കോതാനിൽ ഉദ്ഘാടനം ചെയ്തു.

- കോത്തല ഗവണ്മെന്റ് ഹൈസ്കൂളിൽ വായന ദിന - മാസാചരണത്തിന്റെ ഉത്ഘാടനം കോട്ടയം ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് (TIES ) ലെ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവിയും, ആർ ഐ ടി മുൻ പ്രൊഫസറുമായ ഡോ. ബിന്ദു ബി കെ നിർവഹിച്ചു. ആധുനിക ലോകത്ത് വായനയുടെ പ്രാധാന്യത്തേക്കുറിച്ചും, ഡിജിറ്റൽ വായനയെക്കുറിച്ചും, കുട്ടികളുമായി സംവാദിച്ചു.











- സെൻ്റ് ജോൺസ് ഓർത്തോക്സ് ചർച്ച് കൂരോപ്പടയുടെ ഭാഗമായ സെൻ്റ് ഡൈനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സംഘടനയുടെ ആഭിമുഖ്യത്തിൽ സൗജന്യ നോട്ട് ബുക്ക് വിതരണം നടത്തി. സംഘടനയുടെ സെക്രട്ടറി സോണി താന്നിക്കൽ, അംഗങ്ങളായ സന്തോഷ് വർഗീസ്, ജോസ് കെ യു എന്നിവർ നോട്ട് ബുക്ക് ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി യ്ക്ക് കൈമാറി.



- പൂർവ്വ വിദ്യാർത്ഥിയുടെ സഹകരണത്തോടെ മലയാള മനോരമ ദിനപത്രത്തിൻ്റെ വായനക്കളരി തുടങ്ങി



വായനക്കളരി കോത്തല ഗവ.വിഎച്ച്എസ്എസ്

കോത്തല ഗവ.വിഎച്ച്എസ്എസിലെ പൂർവവിദ്യാർഥിയുടെ സഹകരണത്തോടെ സ്കൂളിൽ ആരംഭിച്ച വായനക്കളരിയുടെ ഉദ്ഘാടനം ആരോൺ ഉമ്മൻ ബോബിയും അഹന ആൻ ബോബിയും ചേർന്ന് പ്രധാനാധ്യാപകൻ ബി.കൃഷ്ണകുമാറിന് മലയാള മനോരമ പത്രത്തിന്റെ കോപ്പി കൈമാറി നിർവഹിക്കുന്നു. അധ്യാപകരായ പി.ജി.അജിത, എൽജോ ടി.ആൻഡ്രൂസ്, കൊച്ചുറാണി ജോസഫ്, ട്രെയ്നർ ഡോ. ബിന്ദു, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ബിനോയ് കെ.മാത്യു എന്നിവർ സമീപം.

- കോത്തല ഇടക്കാട്ടുകുന്ന ഗവൺമെൻ്റ് ഹൈസ്കൂളിൽ എക്സൈസ് ഡിപ്പാർട്ട്മെൻ്റിൻ്റെ സഹകരണത്തോടെ ലഹരിവിരുദ്ധ ദിനമാചരിച്ചു. കൂരോപട ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി അമ്പിളി മാത്യു ഉദ്ഘാടനകർമം നിർവഹിച്ചു. പാമ്പാടി എക്സൈസ് ഇൻസ്പെക്ടർ ശ്രീ ബിനോയ് മാത്യു ദീപശിഖാ ഏറ്റുവാങ്ങി. ലഹരി നമുക്ക് വേണ്ട എന്ന വിഷയത്തെ ആസ്പദമാക്കി








വിദ്യാർത്ഥികൾ ഫ്ലാഷ്മോബ് അവതരിപ്പിച്ചു. ലഹരിക്കെതിരെ ഒരു ഗോൾ എന്ന മത്സരം നടത്തി. പങ്കെടുത്തവർ എല്ലാം ചേർന്ന് മനുഷ്യ ചങ്ങല നിർമിച്ചു ലഹരി വിരുദ്ധ പ്രതിജ്ഞ ഏറ്റു ചൊല്ലി. സിഗനേച്ചർ ക്യാമ്പയിനിലും എല്ലാവരും പങ്കെടുത്തു.









- പേവിഷബാധയ്ക്കെതിരെ ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു.മൂങ്ങാംകുഴി കുടുംബരോഗ്യ കേന്ദ്രം ഹെൽത്ത് നേഴ്സ് സോണിമ ക്ലാസ്സ് നയിച്ചു. മൃഗങ്ങളുടെ കടിയോ മാന്തലോ,പോറലോ ഏറ്റാൽ രോഗ പ്രതിരോധത്തിന്റെ ഭാഗമായി നൽകേണ്ട പ്രഥമ ശുശ്രൂഷ, വാക്സിനേഷൻ, മൃഗങ്ങളോട് ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെപ്പറ്റി കുട്ടികൾക്കും അധ്യാപകർക്കും ക്ലാസ്സെടുത്തു.



- 1992 ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയായ തണൽ ഗ്രൂപ്പിലെ അംഗങ്ങൾ സ്കൂളിന് സാമ്പത്തിക സഹായം നൽകി. ബിജയ് ബി നായർ, സജി മാത്യു, ശ്രീകാന്ത് എസ്, ബിന്ദു കെ ബാലൻ എന്നിവർ സ്കൂളിലെത്തി സഹായം ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി യ്ക്ക് കൈമാറി.



- ബഹിരാകാശ യാത്രികനായ ശുഭാൻഷു ശുക്ലയുടെയും സംഘത്തിന്റെയും വിജയകരമായ മടങ്ങിവരവ് ലൈവായി പ്രദർശിപ്പിച്ചു. മലയാള മനോരമ നല്ല പാഠം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മുഴുവൻ കുട്ടികൾക്കും കാണാത്തക്ക രീതിയിൽ വലിയ സ്ക്രീനിലാണ് പ്രദർശനം ഒരുക്കിയത്. വിജയ ദൗത്യം കുട്ടികൾ കരാഘോഷത്തോടെയാണ് എതിരേറ്റത്. നല്ല പാഠം കോർഡിനേറ്റർമാരായ എൽജോ റ്റി ആൻഡ്രൂസ്,അജിത പി ജി എന്നിവർ നേതൃത്വം നൽകി.



- ഓ ആർ സി (അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ)പദ്ധതിയുടെ സ്കൂൾതല ഉദ്ഘാടനം നടത്തി. പാമ്പാടി പോലീസ് എസ് ഐ ഉദയകുമാർ  പി ബി പ്രൊജക്റ്റ് ഉത്ഘാടനം ചെയ്തു. സ്കൂൾ കൗൺസിലർ റിയ മേരി ആഗസ്റ്റിൻ പ്രൊജക്റ്റ് വിശദീകരണം നടത്തി. തുടർന്ന് ഓ ആർ സി ട്രെയിനർ ശ്രീ മാത്യൂ പി ജോസഫ് വിദ്യാർത്ഥികൾക്കായി സോഷ്യൽ മീഡിയയുടെയും, ലഹരി വസ്തുക്കളുടെയും അമിത ഉപയോഗം എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തി. പദ്ധതിയുടെ ഭാഗമായി സ്കൂളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി വിവിധ പരിശീലനപരിപാടികൾ, സെമിനാറുകൾ, ബോധവത്കരണ ക്ലാസുകൾ, കമ്മ്യൂണിറ്റി റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.






- രക്ഷകർത്താക്കൾക്ക് വായന മത്സരം ഒന്നാം സമ്മാനം നേടിയ ആതിര ശ്രീജിത്തിന് ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി സർട്ടിഫിക്കറ്റ് നൽകുന്നു



- ചാന്ദ്രദിനത്തോടനുബന്ധിച്ച് കുട്ടികൾ സ്കൂളിൽ വിവിധ പരിപാടികൾ നടത്തി. ഹൈസ്കൂൾ വിഭാഗം കുട്ടികൾ ചാന്ദ്രദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിക്കുകയും







സൂര്യഗ്രഹണത്തെയും ചന്ദ്രഗ്രഹണത്തെയും വേദിയിൽ അവതരിപ്പിക്കുകയും ചെയ്തു. യുപി വിഭാഗത്തിൽ നിന്നും കുട്ടികൾ ചന്ദ്രന്റെ വൃദ്ധിക്ഷയത്തെക്കുറിച്ച് വിശദീകരിക്കുകയും





അതിന്റെ ആവിഷ്കാരം സ്റ്റേജിൽ അവതരിപ്പിക്കുകയും ചെയ്തു. എൽ പി വിഭാഗം കുട്ടികൾ ചാന്ദ്രദിന ഗാനം ആലപിക്കുകയും ചെയ്തു. നീൽ ആംസ്ട്രോങ്ങിനെ അനുകരിച്ച് വിദ്യാർഥി നടത്തിയ പ്രകടനം കുട്ടികൾക്ക് കൗതുകകരമായിരുന്നു. അതോടൊപ്പം വിവിധ പോസ്റ്ററുകളും കുട്ടികൾ തയ്യാറാക്കി.





- ഡോ എ പി ജെ അബ്ദുൾ കലാമിന്റെ സ്മൃതി ദിനം വിപുലമായി ആചരിച്ചു. സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കൂടിയ പ്രത്യേക അസംബ്ലിയിൽ കുട്ടികൾ അദ്ദേഹത്തെക്കുറിച്ചുള്ള അറിവുകളും, അദ്ദേഹത്തിന്റെ വചനങ്ങളും പങ്ക് വച്ചു. പിന്നീട് എല്ലാ കുട്ടികളും, അധ്യാപകരും, രക്ഷകർത്താക്കളും, എ പി ജെ യുടെ ചിത്രത്തിന് മുൻപിൽ പുഷ്പാർച്ചന നടത്തി.

- ജൻഡർ ഫ്രീ യൂണിഫോം



- എൻ എസ് എസ് കുട്ടികളും 4S കുട്ടികളും ചേർന്ന് ഉച്ചഭക്ഷണ ശാല പെയിന്റ് ചെയ്തു.




- ഷുഗർ ബോർഡ് സ്ഥാപിച്ചു




- കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിലെ കുട്ടികൾ വയനാട് ചൂരൽമല ദുരന്തത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ അനുസ്മരണം നടത്തി. പ്രത്യേക അസംബ്ലിയിൽ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥി ഇമ്മാനുവൽ അനുസ്മരണക്കുറിപ്പ് വായിച്ചു. ഇനിയും ഇത്തരം പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ പ്രകൃതി സംരക്ഷണമാർഗ്ഗങ്ങളിലേക്ക് പുതുതലമുറ മാറണമെന്ന് അസംബ്ലിയെ അഭിസംബോധന ചെയ്തു കൊണ്ട് ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി സംസാരിച്ചു. കുട്ടികൾ പ്രകൃതി സംരക്ഷണ പ്രതിജ്ഞയെടുത്തു. വെള്ളാർമല സ്കൂൾ തയ്യാറാക്കിയ വിദ്യാലയ ഗാനം അസംബ്ലിയിൽ കേൾപ്പിക്കുകയും, ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആത്മശാന്തി നേർന്നുകൊണ്ട് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു.





- ഞങ്ങളുടെ പ്രിയപ്പെട്ട ചാണ്ടി ഉമ്മൻ അങ്കിളിന് ....



അഴുക്കും മാറാലയും പിടിച്ച കാണാൻ ഒരു ലുക്ക് ഇല്ലാത്ത തങ്ങളുടെ സ്കൂളിന്റെ ഭിത്തി അങ്കിളൊന്നു പെയിന്റടിപ്പിച്ച സെറ്റപ്പ് ആക്കി നൽകണമെന്ന ആവശ്യവുമായി കോത്തല



ഗവണ്മെന്റ് വി എച്ച് എസ് എസ്സിലെ മുഴവൻ വിദ്യാർത്ഥികളും സ്ഥലം എം എൽ എ അഡ്വ : ചാണ്ടി ഉമ്മന് തുറന്ന കത്തെഴുതി.തങ്ങളുടെ ആവശ്യം അദ്ദേഹം ഓണസമ്മാനമായി നൽകുമെന്ന വലിയ പ്രതീക്ഷയിലാണ് കുരുന്നുകൾ .

- സ്കൂളിലേക്ക് ഗ്യാസ് സ്റ്റൗവും, പ്രഷർ കുക്കറും സംഭാവന നൽകി.




എസ് എൻ പുരം : കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിലെ വിദ്യാർത്ഥികളായ ദേവനാരായണൻ അനീഷ്, സൂര്യനാരായണൻ അനീഷ് എന്നിവർ സ്കൂൾ ഉച്ചഭക്ഷണ



ദേശാഭിമാനി

Thu, 14 August 2025

ദേവനാരായണനും സൂര്യനാരായണനും നൽകിയ പാചക ഉപകരണങ്ങൾ എസ് ശ്രീജിത സ്കൂൾ ഹെഡ്മാസ്റ്റർ ബി കൃഷ്ണകുമാറിന് കൈമാറുന്നു

**സ്കൂളിലേക്ക് പാചക ഉപകരണങ്ങൾ നൽകി വിദ്യാർഥികൾ**

**എസ്എൻ പുരം**

സ്കൂളിലേക്ക് പാചക ഉപകരണങ്ങൾ സംഭാവന നൽകി വിദ്യാർഥികൾ. കോത്തല ഗവ. വിഎച്ച്എസ്എസിലെ വിദ്യാർഥികളായ ദേവനാരായണൻ അനീഷും, സൂര്യനാരായണൻ അനീഷുമാണ് സ്കൂൾ ഉച്ചഭക്ഷണ പാചകപ്പുരയിലേക്ക് ഗ്യാസ് സ്റ്റൗവും പ്രഷർ കുക്കറും നൽകിയത്. കുട്ടികളുടെ സാന്നിധ്യത്തിൽ അമ്മയും പിടിഎ അംഗവുമായ എസ് ശ്രീജിത, സ്കൂൾ ഹെഡ്മാസ്റ്റർ ബി കൃഷ്ണകുമാറിന് പാചക ഉപകരണങ്ങൾ കൈമാറി.



പാചകപ്പുരയിലേക്ക് ഗ്യാസ് സ്റ്റൗവും, പ്രഷർ കുക്കറും സംഭാവന നൽകി. കുട്ടികളുടെ മാതാവും,പി ടി എ അംഗവുമായ ശ്രീജിത എസ് ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബിയ്ക്ക് പാചക ഉപകരണങ്ങൾ കൈമാറി.

- കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിൽ, കൂരോപ്പട കുടുംബശ്രീ സി ഡി എസ്സിന്റെ ആഭിമുഖ്യത്തിൽ മാ കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു.






- കോത്തല ഗവണ്മെന്റ് ആയുർവേദ ആശുപത്രിയുടെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടന്നു.ആയുർവേദ ആശുപത്രിയിലെ ശിശുരോഗ വിദഗ്ധൻ ഡോക്ടർ









സനൽ കൃഷ്ണനും നഴ്സായ രേഷ്മ പ്രശാന്തും ക്യാമ്പിന് നേതൃത്വം നൽകി.ആയുർവേദ മരുന്നുകളുടെ പ്രസക്തിയെക്കുറിച്ചും ജീവിത ശൈലി രോഗങ്ങളെ ചിട്ടയായ ആഹാര രീതിയിലൂടെ നിയന്ത്രിക്കുന്നതിനെക്കുറിച്ചും ഡോക്ടർ ക്ലാസ്സെടുത്തു. ഔഷധ മരുന്ന് പ്രദർശനവും പോസ്റ്റർ പ്രദർശനവും കുട്ടികളുടെ സ്ക്രീനിംഗ് ടെസ്റ്റും നടന്നു.കുട്ടികൾ നശാ മുക്ത ഭാരത് അഭിയാൻ പദ്ധതി പ്രകാരമുള്ള പ്രതിജ്ഞ എടുത്തു.വിദ്യാർത്ഥി പ്രതിനിധി വി വിനീത പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

- നമ്മുടെ സ്കൂളിലെ ഇംഗ്ലീഷ് അധ്യാപികയായ ആൻ ടീച്ചറിൻ്റെ മകൻ റയാൻ അരുൺ ജേക്കബിൻ്റെ പിറന്നാൾ പ്രമാണിച്ച് ടീച്ചർ എല്ലാ കുട്ടികൾക്കും ഇന്ന് പായസം വിതരണം ചെയ്തു.



- 1987-88 ബാച്ചിലെ വിദ്യാർത്ഥി കൂട്ടായ്മയായ ക്ലാസ്സ് മേറ്റ്സ് ഗ്രൂപ്പ് സ്കൂളിലേക്ക് സാമ്പത്തിക സഹായം നൽകി. ഗ്രൂപ്പ് അംഗങ്ങളായ ജയമോൻ പി കെ, കല വി. നായർ എന്നിവർ സ്കൂളിലെത്തി ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി യ്ക്ക് സഹായം കൈമാറി. പി ടി എ പ്രസിഡൻ്റ് രഞ്ജിത്ത് കെ കെ, അധ്യാപകർ, രക്ഷകർതൃ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.



- 1997-98 ബാച്ചിലെ വിദ്യാർത്ഥി കൂട്ടായ്മ സ്കൂളിലേക്ക് സാമ്പത്തിക സഹായം നൽകി. തങ്ങളുടെ മാതൃവിദ്യാലയത്തിലേക്ക് ഇരുപത്തിയേഴ് വർഷങ്ങൾക്ക് ശേഷം എത്തുകയും സ്കൂളും പരിസരവും ക്ലാസ്സ് മുറികളും ഗൃഹാതുരത്വ ത്തോടെ നോക്കി കാണുകയും,അധ്യാപകരുടെ സാന്നിധ്യത്തിൽ കുട്ടികൾക്ക് സഹായം കൈമാറുകയും ചെയ്തു.



ഒരു പൊതുവിദ്യാലയത്തിലെ ഓണാഘോഷം നാടിന്റെ മുഴുവൻ ആഘോഷമാകുന്നതിന്റെ നേർസാക്ഷ്യമാണ് ഈ വീഡിയോ.

അമ്മമാരും, അച്ഛന്മാരും, പൂർവ്വവിദ്യാർത്ഥികളും, പൂർവ്വഅധ്യാപകരും, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും,നാട്ടുകാരും, എം പി ടി എ, പി ടി എ, അധ്യാപകർ, അനധ്യാപകർ, എല്ലാവരും ഒത്തു ചേർന്ന മുറ്റമൊരുക്കാനും, പൂക്കളമിടുവാനും,ഊഞ്ഞാൽ കെട്ടാനും, കുഞ്ഞുങ്ങളെ ഒരുക്കാനും, പാട്ട് പാടാനും, ആടാനും, ഭക്ഷണത്തിനുള്ള വിഭവങ്ങൾ ശേഖരിക്കാനും, പാചകം ചെയ്യാനും, പിന്നീടത് വാത്സല്യത്തോടെ വിളമ്പാനും ......

കോത്തല ഗവണ്മെന്റ് സ്കൂളിലെ കുഞ്ഞുങ്ങൾക്ക് ഈ ഓണം അവിസ്മരണീയം.

ഇതാണ് പൊതുവിദ്യാലയ സംരക്ഷണ യജ്ഞം.










- എൻ എസ് എസ്സും പാമ്പാടി ലയൺസ് ക്ലബ്ബും സംയുക്തമായി നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു .എല്ലാ കുട്ടികളെയും പരിശോധിക്കുകയും ആവശ്യമായവർക്ക് സൗജന്യമായി കണ്ണടയും നൽകുകയും ചെയ്തു .
- കുട്ടികൾക്കുള്ള ഐ ഡി കാർഡ് ലഭിച്ചു .സ്പോൺസർ ചെയ്തിരിക്കുന്നത് ജാഗ്രത ന്യൂസ് ചാനൽ .

- 1995 ബാച്ച് കൂട്ടായ്മയായ “ഒരു വട്ടം കൂടിയെൻ“,കാട് പിടിച്ച് ശോചനീയാവസ്ഥയിൽ കിടന്ന സ്കൂൾ ഗ്രൗണ്ട് വൃത്തിയാക്കി.ആവശ്യത്തിനുള്ള കളി സ്ഥലവും കളി ഉപകരണങ്ങളും ഉണ്ടെങ്കിലും ഒരാൾ പൊക്കത്തിൽ കാട് പിടിച്ച് കിടന്നതിനാൽ കുട്ടികൾക്ക് ഗ്രൗണ്ട് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി പൂർവ്വ വിദ്യാർത്ഥികളായ വിനോദ് ഇ എസ്, ബിനു മാർക്കോസ് എന്നിവരോട് ആവശ്യം പറയുകയും, അവർ തങ്ങളുടെ സഹപാഠികളായ ദീപു കുര്യൻ,ജുബിൻ തോമസ്,സന്തോഷ് വർഗീസ്,മെജോ സി ചിറപ്പുറം,മറിയാമ്മപി യു ,സൗമ്യ കെ,ജയ്നി എൻ പോൾ ,സുഷ കെ ദാസ് എന്നിവരുടെയും കൂടി സഹകരണത്തോടെ ഗ്രൗണ്ട് വൃത്തിയാക്കുകയും ചെയ്തു.





- അധ്യാപകദിനാഘോഷങ്ങളുടെ ഭാഗമായി സ്കൂളിലെ പൂർവ്വ അധ്യാപികയായ ശ്രീമതി ഗ്രേസി എബ്രഹാമിനെ ആദരിച്ചു. ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി, പി ടി എ പ്രസിഡന്റ് രഞ്ജിത്ത് കെ കെ, അധ്യാപകരായ റെജി.എസ്,കൊച്ചു റാണി ജോസഫ്, ജാൻസി ഐസക്ക് എന്നിവർ ചെന്നാമറ്റത്തുള്ള ഒറ്റപ്ലാക്കൽ വീട്ടിലെത്തിയാണ് ആദരവ് നൽകിയത്.





- ഗവണ്മെന്റ് വി എച്ച് എസ് എസ് കോത്തല സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ജൂനിയർ റെഡ് ക്രോസ് യൂണിറ്റ് അനുവദിച്ചു. കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച് വികാരി റവ.ഫാദർ പൗലോസ് നൈനാൻ ബാഡ്ജിങ്ങ് ചടങ്ങ് ഉത്ഘാടനം ചെയ്തു.








1997-98 ബാച്ചിലെ പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയാണ് ജെ ആർ സി യൂണിഫോം സ്പോൺസർ ചെയ്തിരിക്കുന്നത്.

- ഒആർസി പദ്ധതിയുടെ ഭാഗമായി,കോട്ടയം വനിതാ ശിശു വികസന വകുപ്പും, ജില്ലാ ശിശു സംരക്ഷണ യൂണിറ്റും കോത്തല ഗവണ്മെന്റ് വി എച്ച് എസ്സ് എസ്സുമായി സഹകരിച്ചു കൂരോപട ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചു രക്ഷകർതൃ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ഐ സി ഡി എസ് സൂപ്പർവൈസർ ഷാന്റി പ്രിയയുടെ ആധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഒ ആർ സി പ്രൊജക്റ്റ് അസിസ്റ്റന്റ് റസീന പി എ സ്വാഗതം ആശംസിച്ചു.കൂരോപട ഗ്രാമപഞ്ചായത്തു വൈസ് പ്രസിഡന്റ് ഗോപി ഉല്ലാസ് ഉദ്ഘാടനം ചെയ്തു. ബി ആർ സി ട്രെയിനർ ബീന മൻസൂർ ആത്മഹത്യാ പ്രതിരോധത്തെ കുറിച്ച് ക്ലാസ്സ് നയിച്ചു.





- കലോത്സവത്തിന് മുന്നോടിയായി വിളംബര ജാഥ വിപുലമായി കൂരോപട ജംഗ്ഷനിൽ നടത്തി. കുട്ടികൾ, അദ്ധ്യാപകർ, അനധ്യാപകർ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ,ജനപ്രതിനിധികൾ പങ്കെടുത്ത വർണ്ണാഭമായ വിളംബര ജാഥയുടെ ഉദ്ഘാടനം കൂരോപട ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അമ്പിളി മാത്യു നിർവഹിച്ചു. വിദ്യാലയത്തിന്റെ മികവുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി അനൗൺസ്മെന്റ് വാഹനവും, വിവിധ വേഷങ്ങൾ ധരിച്ച കുട്ടികളും ജാഥയ്ക്ക് മികവേകി. പാമ്പാടി സബ് ഇൻസ്‌പെക്ടർ ഉദയകുമാർ പി ബി ആശംസകൾ അറിയിച്ചു. പള്ളിക്കത്തോട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ റ്റി എം ജോർജ്, വാർഡ് മെമ്പർമാരായ അനിൽ കൂരോപട, സന്ധ്യ സുരേഷ്, ആശ ബിനു, റ്റി ജി മോഹനൻ, പി റ്റി എ പ്രസിഡന്റ് രഞ്ജിത്ത് കെ കെ എന്നിവർ ആശംസകൾ അറിയിച്ചു. ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി, പ്രിൻസിപ്പൽ റസീന എസ് എന്നിവർ സ്കൂൾ പ്രവർത്തനത്തെ കുറിച്ച് വിശദീകരിച്ചു. സ്കൂൾ ലീഡർ നിശ്ചൽ വിനീത് കൃതജ്ഞത രേഖപ്പെടുത്തി.




- ഗവണ്മെന്റ് ഓഫ് ഇന്ത്യ ,മിനിസ്ട്രി ഓഫ് എജ്യുക്കേഷൻ സംഘടിപ്പിച്ച ഏക് പേട് മാ കെ നാം ക്യാമ്പയിൻ സ്കൂളിൽ നടത്തി .കുട്ടികൾ അമ്മമാരോടൊപ്പം ചേർന്ന് വൃക്ഷ തൈകൾ നടുകയും അതിന്റെ ചിത്രം അപ്‌ലോഡ് ചെയ്യുകയും ചെയ്യണം .രണ്ടു പേരുടെയും ചിത്രം സഹിതം സർട്ടിഫിക്കറ്റ് ലഭിക്കും .



- വയോജന ദിനത്തോടനുബന്ധിച്ച സെൽഫി വിത്ത് ഓൾഡർ പേഴ്സൺ മത്സരം സംഘടിപ്പിച്ച .പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകി






- പ്രീ പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് പുതിയ യൂണിഫോം നടപ്പിലാക്കി. മഞ്ഞയും, മജന്തയും ടീ ഷർട്ടും, നീല ഷോർട്സുമാണ് യൂണിഫോം. ദേവദാസ് ആചാരി (റിട്ടയേർഡ് ഇൻകം ടാക്സ് ഓഫീസർ,എറണാകുളം )യാണ് ഒരു കളർ സെറ്റ് യൂണിഫോം സ്പോൺസർ ചെയ്തിരിക്കുന്നത്.



- സ്പോക്കൺ ഇംഗ്ലീഷ് പഠനത്തിനായി ലാംഗ്വേജ് ലാബ് സജ്ജീകരിച്ചു. കൈറ്റ് തയ്യാറാക്കിയ ഈ ക്യൂബ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ക്ലാസുകൾ നടത്തുന്നത്. ഗ്രോ ഇംഗ്ലീഷ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ, കുട്ടികൾക്ക് ഭാഷ കേൾക്കുന്നതിനും സ്വയം സംസാരിക്കുന്നതിനും തിരുത്തലുകൾക്കുമുള്ള അവസരം ലഭിക്കും. ഒന്ന് മുതൽ നാല് ക്ലാസ്സ് വരെയുള്ള കുട്ടികളെ ബഡ്സ് ഗ്രൂപ്പെന്നും, അഞ്ച് മുതൽ ഒൻപത് വരെയുള്ള കുട്ടികളെ ഫ്ലവേർസ് ഗ്രൂപ്പെന്നും രണ്ട് ബാച്ചായിട്ട് ആഴ്ചയിൽ മൂന്ന് ദിവസം സ്കൂൾ സമയത്തിന് മുൻപാണ് ക്ലാസ്സ് നടത്തുന്നത്. ഇംഗ്ലീഷിനോടൊപ്പം തന്നെ ,മലയാളം, ഹിന്ദി വർക്ഷോപ്പുകളും, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്ങും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



- പത്മഭൂഷൻ ശ്രീ മോഹൻലാൽ നയിക്കുന്ന വിശ്വശാന്തി ഫൗണ്ടേഷന്റെ സഹകരണത്തോടെ കോത്തല ജി വി എച്ച് എസ് എസ്സിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. "Be a Hero-Say No To Drugs" എന്ന പേരിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിശ്വശാന്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്ന് വരികയാണ്.കോട്ടയം ജില്ലയിലെ ആദ്യത്തെ പ്രോഗ്രാമാണ് കോത്തല സ്കൂളിൽ നടന്നത്. പരിപാടിയുടെ ഉത്ഘാടനം കൂരോപ്പട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി മാത്യു നിർവഹിച്ചു. പി ടി എ പ്രസിഡന്റ് രഞ്ജിത്ത് കെ കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ,പ്രിൻസിപ്പാൾ റസീന സ്വാഗതവും,വാർഡ് മെമ്പർമാരായ അനിൽ കൂരോപ്പട, സന്ധ്യ സുരേഷ്, ആശ ബിനു, ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി, വിശ്വശാന്തി ഫൗണ്ടേഷൻ പ്രോഗ്രാം കോർഡിനേറ്റർ ആതിര വിൽസൺ എന്നിവർ



ആശംസകളും, സ്കൂൾ കൗൺസിലർ റിയ മേരി ആഗസ്റ്റിൻ നന്ദിയും അർപ്പിച്ചു. തുടർന്ന് ഇന്റർ നാഷണൽ ട്രെയിനറും, സൈക്കോ തെറാപ്പിസ്റ്റുമായ സിജി ആന്റണി കുട്ടികൾക്ക് ക്ലാസ്സെടുത്തു. ആത്മവിശ്വാസത്തോടെ ,സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്താതെ, ജീവിത ലക്ഷ്യത്തിലേക്കെത്തുവാനും, നല്ല പൗരന്മാരായി വളരാനും ആവശ്യമായ സൂചകങ്ങളും, മൈൻഡ് ഗെയിമും, വീഡിയോ പ്രസന്റേഷനും ഉൾപ്പെടുത്തിയുള്ള സെഷൻ വ്യത്യസ്തമായ അനുഭവമായി.



കോത്തല ജിവിഎച്ച്എസ്എസിൽ വിശ്വശാന്തി ഫൗണ്ടേഷൻ നടത്തിയ ലഹരിവിരുദ്ധ ക്യാംപെയ്ൻ.

## വിശ്വശാന്തി ഫൗണ്ടേഷൻ ലഹരിവിരുദ്ധ ക്യാംപെയ്ൻ

എസ്എൻ പുരം ● വിശ്വശാന്തി
ഫൗണ്ടേഷന്റെ സഹകരണ
ത്തോടെ കോത്തല ജിവിഎ
ച്ച്എസ്എസിൽ ലഹരി വിരുദ്ധ
ക്യാംപെയ്ൻ നടത്തി.
പഞ്ചായത്ത് പ്രസിഡന്റ്
അമ്പിളി മാത്യു ഉദ്ഘാടനം നിർ
വഹിച്ചു. പിടിഎ പ്രസിഡന്റ്
കെ.കെ.രഞ്ജിത്ത് അധ്യക്ഷത
വഹിച്ചു.
പ്രിൻസിപ്പൽ റസീന, പഞ്ചാ
യത്തംഗങ്ങളായ അനിൽ കൂ
രോപ്പട, സന്ധ്യ സുരേഷ്, ആശ
ബിനു, പ്രധാനാധ്യാപകൻ ബി.
കൃഷ്ണകുമാർ, വിശ്വശാന്തി ഫൗ
ണ്ടേഷൻ പ്രോഗ്രാം കോഓർ
നേറ്റർ ആതിര വിൽസൻ സ്കൂ
കൗൺസിലർ റിയ മേരി അഗ
സ്റ്റിൻ, എന്നിവർ പ്രസംഗിച്ചു.
സൈക്കോ തെറപ്പിസ്റ്റ് സിജി
ആന്റണി ക്ലാസ് നയിച്ചു.



- നമ്മുടെ സ്കൂളിന്റെ മറ്റൊരു തനതു പദ്ധതിയാണ് കുട്ടി അധ്യാപകർ :ഷെയർ ആൻഡ് കെയർ "പദ്ധതി .അധ്യാപന മികവും അഭിരുചിയുമുള്ള കുട്ടികളെ തിരഞ്ഞെടുത്തു അവരെ ഉപയോഗിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുക എന്നുള്ളതാണ് പദ്ധതി ലക്ഷ്യമിടുന്നത് .10 കുട്ടിയധ്യാപകരാണുള്ളത് .പഠന പിന്തുണ ആവശ്യമുള്ള ആറ് കുട്ടികൾ അടങ്ങുന്ന ആറു ഗ്രൂപ്പുകളെ അവർ സഹായിക്കുന്നു. ഒരധ്യാപികയുടെ മേൽനോട്ടത്തിൽ എല്ലാ ദിവസവും ഉച്ചയ്ക്കാണ് ക്ലാസ് .




- ഇന്റർനാഷണൽ ഗേൾ ചൈൽഡ് ഡേ യുടെ ഭാഗമായി സ്കൂൾ ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്ക് മാല ,ഹെയർ ബൺ നിർമ്മാണ പരിശീലനം നൽകി .വി എച്ച് എസ് എസ് അധ്യാപികയായ ശ്രീമതി മഞ്ജു പരിശീലനത്തിന് നേതൃത്വം നൽകി .





- കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിൽ ഈ അധ്യയന വർഷം മുതൽ നടപ്പിലാകുന്ന സ്കൂൾ സോഷ്യൽ സർവീസ് സ്കീം (4S)ക്ലബ്ബിന്റെ പ്രവർത്തനോത്ഘാടനം ,കൂരോപ്പ ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി മാത്യു നിർവഹിച്ചു.



ചടങ്ങിൽ വാർഡ് കൗൺസിലർ സന്ധ്യ സുരേഷ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി സ്വാഗതവും, ക്ലബ്ബ് ജോയിന്റ് കോർഡിനേറ്റർ അശ്വതി എസ് ആശംസയും, ക്ലബ്ബ് കോർഡിനേറ്റർ അജിത പി ജി നന്ദിയും




പറഞ്ഞു. ജില്ലാ കോർഡിനേറ്റർ മുഹമ്മദ് അൻസാർ എ പദ്ധതി വിശദീകരണം നടത്തി. സേവനം സഹജീവനം എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായ ഈ പദ്ധതിയുടെ പ്രവർത്തനലക്ഷ്യങ്ങളെ ക്കുറിച്ചും,മുന്നോട്ട് വയ്ക്കുന്ന കർമ്മ പദ്ധതികളെക്കുറിച്ചും അംഗങ്ങളെ ബോധ്യപ്പെടുത്തി.

തുടർപ്രവർത്തനങ്ങൾക്ക് ജില്ലാ കോർഡിനേറ്ററുടെ ഭാഗത്ത് നിന്നുള്ള പിന്തുണയും വാഗ്ദാനം ചെയ്തു. നിലവിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെയാണ് പദ്ധതിയിൽ അംഗമാക്കുക. ഇവർക്ക് പത്താം ക്ലാസ്സിൽ സർട്ടിഫിക്കറ്റും,പരീക്ഷയ്ക്ക് ഗ്രേസ് മാർക്കും ലഭിക്കും

- ടീൻസ് ക്ലബ്ബും, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ എക്സലൻസും സംയുക്തമായി മൈൻഡ് സെറ്റ് മാജിക് ഫോർ എക്സാം എന്ന പേരിൽ കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. പരീക്ഷാഭയം മാറ്റുന്നതിനും, ഓർമ്മശക്തിയും, ഏകാഗ്രതയും നേടുന്നതിനുമുള്ള മാർഗങ്ങൾ ചെറിയ കഥകളിലൂടെയും, കളികളിലൂടെയും, മെൻറ്റലിസത്തിന്റെ സാധ്യതയും ഉപയോഗിച്ച് കൊണ്ട് നടത്തിയ സെഷൻ കുട്ടികൾക്ക് വേറിട്ട അനുഭവമായി. എഡ്യൂക്കേറ്ററും സ്കിൽ ഡെവലപ്മെന്റ് ട്രെയിനറുമായ ഡോ ഷജീല റാണി എ, ഷീബ തോമസ് എന്നിവരാണ് ക്ലാസ്സ് നയിച്ചത്.






- കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിലെ സ്കൂൾ സോഷ്യൽ സർവീസ് സ്കീം (4S )ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശിശുദിനാഘോഷവും അങ്കണവാടി സൗഹൃദകൂട്ടായ്മയും സംഘടിപ്പിച്ചു. കോട്ടയം ഡി ഇ ഒ സുനിമോൾ എം ആർ പരിപാടി ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് രഞ്ജിത്ത് കെ കെ അധ്യക്ഷം വഹിച്ച ചടങ്ങിൽ 4S ക്ലബ്ബ് കോർഡിനേറ്റർ അജിത പി ജി സ്വാഗതവും, എം പി ടി എ പ്രസിഡന്റ് പ്രീജ രഞ്ജിത്ത്,ക്ലബ്ബ് ലീഡർ മാസ്റ്റർ ഇസ്മായിൽ സന്തോഷ് ആശംസയും പറഞ്ഞു. 4S ക്ലബ്ബ് ജില്ലാ കോർഡിനേറ്റർ മുഹമ്മദ് അൻസാർ എ മുഖ്യപ്രഭാഷണവും, ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി റിപ്പോർട്ടും അവതരിപ്പിച്ചു. പ്രോഗ്രാം കോർഡിനേറ്റർ അജിമോൾ നന്ദി






അർപ്പിച്ചു.

കുറോപ്പട പഞ്ചായത്തിലെ,എസ് എൻ പുരം,മാടപ്പാട്,

കുറോപ്പട,

പൂത്തോട്ടപ്പടി,

ഇടയ്ക്കാട്ട്കുന്ന്,

58 കോളനി,

തോട്ടുങ്കൽ എന്നീ അങ്കണവാടികളിലെ

40 കുട്ടികൾ, രക്ഷകർത്താക്കൾ,

അധ്യാപക അനധ്യാപകർ പരിപാടിയിൽ

പങ്കെടുത്തു. കുട്ടികൾക്കായി വിവിധ

കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു.



കോത്തല ഗവ. വിഎച്ച്എസ്എസിൽ നടത്തിയ ശിശുദിനാഘോഷവും അങ്കണവാടി സൗഹൃദസംഗമവും കോട്ടയം ഡിഇഒ എം ആർ സുനിമോൾ ഉദ്ഘാടനംചെയ്യുന്നു

## ശിശുദിനാഘോഷവും അങ്കണവാടി സൗഹൃദസംഗമവും

എസ്എൻ പുരം

കോത്തല ഗവ. വിഎച്ച്എസ്എസിലെ സ്കൂൾ സോഷ്യൽ സർവീസ് (ഫോർ എസ്) ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശിശുദിനാഘോഷവും അങ്കണവാടി സൗഹൃദകൂട്ടായ്മയും സംഘടിപ്പിച്ചു. കോട്ടയം ഡിഇഒ എം ആർ സുനിമോൾ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് കെ കെ രഞ്ജിത് അധ്യക്ഷനായി. ഫോർ എസ് ക്ലബ് ജില്ലാ കോ ഓർഡിനേറ്റർ മുഹമ്മദ് അൻസാർ എ മുഖ്യപ്രഭാഷണം നടത്തി. ഫോർ എസ് ക്ലബ് കോ ഓർഡിനേറ്റർ പി ജി അജിത, എം പിടിഎ പ്രസിഡന്റ് പ്രീജ രഞ്ജിത്, ക്ലബ് ലീഡർ മാസ്റ്റർ ഇസ്മായിൽ സന്തോഷ്, പ്രോഗ്രാം കോ ഓർഡിനേറ്റർ അജിമോൾ തുടങ്ങിയവർ സംസാരിച്ചു. പ്രഥമാധ്യാപകൻ ബി കൃഷ്ണകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. കുട്ടികൾക്കായി വിവിധ കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു.

ആക്ഷൻ സോങ്, പെയിന്റിംഗ് മത്സരങ്ങളിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ച്ച വച്ചു. കുഞ്ഞു ഗാന്ധിജിയും, ചാച്ചാജിയും, കർഷകനും, അധ്യാപകനുമൊക്കെ ഫാൻസി ഡ്രെസ്സ് മത്സരത്തിൽ കൗതുക കാഴ്ചകളായി. കുട്ടിപ്പോസ്റ്റിൽ ഒരു കുട്ടി ഗോൾ എന്ന പുതുമയുള്ള മത്സരം ആവേശത്തോടെയാണ് കുട്ടികൾ സ്വീകരിച്ചത്. മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും, മെമെന്റൊയും, ആകർഷകമായ സമ്മാനങ്ങളും നൽകി. എല്ലാ അങ്കണവാടികൾക്കും മെമെന്റോ നൽകി. എം പി ടി എ സ്പോൺസർ ചെയ്ത പായസം ഉൾപ്പെടെയുള്ള സദ്യ പങ്കെടുത്ത എല്ലാവർക്കും വിളമ്പി. സർക്കീട്ട് എന്ന മലയാള സിനിമയിലെ പ്രസക്ത ഭാഗങ്ങൾ പ്രദർശിപ്പിച്ചു കൊണ്ട് സ്കൂൾ സ്റ്റുഡന്റ് കൗൺസിലർ റിയ മേരി അഗസ്റ്റിൻ, രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സെടുത്തു. സമീപപ്രദേശത്തുള്ള ഏഴ് അങ്കണവാടികളിലെ കുട്ടികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് സാമൂഹിക പങ്കാളിത്തത്തോടെ ആഘോഷിച്ച കോത്തല ഗവണ്മെന്റ് വി എച്ച് എസ് എസ്സിലെ ശിശുദിനം മാതൃകയാണ്.



















GOVERNMENT VHSS KOTHALA,
SN PURAM,KOTTAYAM
CERTIFICATE
OF APPRECIATION
This Certificate of appreciation is proudly presented to
for his / her participation in
Anganwadi Sauhruda Sangamam
held in connection with
Children's Day 2025
Convenor
Headmaster /Principal



- കോത്തല ജി വി എച്ച് എസ് എസ്സിലെ എൻ എസ് എസ്, സ്കൂൾ സോഷ്യൽ സർവീസ് സ്കീം, ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകളുടെ സംയുക്തഭിമുഖ്യത്തിൽ ലോക എയ്ഡ്സ് ദിനം ആചരിച്ചു. കേരള സ്റ്റേറ്റ് എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റി കോട്ടയം യൂണിറ്റിന്റെ ജവാഹർ മൈഗ്രന്റ് സുരക്ഷാ പ്രൊജക്റ്റിലെ കൗൺസിലർ ജോസ് ചെറിയാൻ ക്ലാസ്സെടുത്തു. കുട്ടികൾ തയ്യാറാക്കിയ എയ്ഡ്സ് ബോധവത്കരണ നൃത്താവിഷ്കാരം അവതരിപ്പിച്ചു.




- കോത്തല ജി വി എച്ച് എസ് എസ്സിലെ എൻ എസ് എസ്, സ്കൂൾ സോഷ്യൽ സർവീസ് സ്കീം, ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ലോക ഭിന്നശേഷി ദിനം ആചരിച്ചു. പി ടി എ പ്രസിഡന്റ് രഞ്ജിത്ത് കെ കെ അധ്യക്ഷം വഹിച്ച ചടങ്ങിൽ,ഹെഡ്മാസ്റ്റർ കൃഷ്ണകുമാർ ബി സ്വാഗതം ആശംസിച്ചു. സ്കൂളിന്റെ സമീപവാസിയും ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടതുമായ അനീഷ ഭാസ്കർ പ്രത്യേക ക്ഷണിതാവായി സ്കൂളിലെത്തി. മുച്ചക്രവാഹനത്തിൽ ലോട്ടറി കച്ചവടം നടത്തുന്ന അനീഷയെ പൊന്നാടയും മെമെന്റോയും നൽകി ആദരിച്ചു.കുട്ടികളും അധ്യാപകരും സ്കൂളിന് സമീപത്തുള്ള ഭിന്നശേഷിക്കാരിയായ കുട്ടിയുടെ വീട് സന്ദർശിക്കുകയും സ്നേഹസമ്മാനങ്ങൾ നൽകുകയും ചെയ്തു








- കോത്തല ഗവ : വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ കുട്ടികളുടെ ഹരിതസേനയുടെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.മാടപ്പാട് വാർഡ് 6 ലെ ഹരിതകർമസേന യൂണിറ്റ് അംഗമായ ലൗലി ബിനു ക്ലാസ്സ് നയിച്ചു.ഹരിത സേനയുടെ പ്രാധാന്യം, ഗ്രീൻ പ്രോട്ടോകോൾ, മാലിന്യ നിർമ്മാർജ്ജനം , പുനരുപയോഗപ്പെടുത്തൽ എന്നീ വിഷയങ്ങളിൽ കൂടുതൽ അറിവ് നേടുവാൻ കുട്ടികൾക്ക് സഹായകമായി



- ഇക്കൊല്ലത്തെ ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിന് മുന്നോടിയായി പഠിക്കുന്ന വിദ്യാലയത്തിലെ പോളിങ് ബൂത്ത് ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു കൊണ്ട് മുന്നൊരുക്കങ്ങൾ നടത്തി ജി വി എച്ച് എസ് എസ് കോത്തല സ്കൂളിലെ ഹരിത സേനയിലെ കൊച്ചു മിടുക്കന്മാരും മിടുക്കികളും. "ഭൂമിയെ സംരക്ഷിച്ചു കൊണ്ട് നമുക്ക് വോട്ട് ചെയ്യാം"എന്ന ഈ തിരഞ്ഞെടുപ്പിന്റെ സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് പൂർണ്ണമായും ഹരിത ചട്ടം പാലിച്ചാണ് കുട്ടികളും, അധ്യാപകരും, പി ടി എ, എം പി ടി എ അംഗങ്ങളും ചേർന്ന് ഒരുക്കങ്ങൾ നടത്തിയിരിക്കുന്നത്.മെടഞ്ഞ ഓല കൊണ്ടുള്ള കമാനങ്ങളും, വേസ്റ്റ് ബോക്സും, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നോട്ടീസ് പതിപ്പിക്കുന്നതിനായി പനം പായ കൊണ്ടുള്ള നോട്ടീസ് ബോർഡും, മൺകുടത്തിൽ ദാഹജലവും, കൂടാതെ ഹരിത പ്രോട്ടോകോൾ സന്ദേശങ്ങളും അങ്ങനെ വ്യത്യസ്തമാകുകയാണ് ജി വി എച്ച് എസ് എസ് കോത്തലയിലെ പോളിങ് ബൂത്ത്. അധ്യാപകനായ എൽജോ ടി ആൻഡ്രൂസിന്റെ നേതൃത്വത്തിൽ ഹരിത സേന അംഗങ്ങളായ ഇസ്മായിൽ, ആനന്ദ്, അനീറ്റ,കൃഷ്ണപ്രിയ,ശിവപ്രിയ,വൈശാഖ്, ഇമ്മനുവൽ, പൂർവ്വ വിദ്യാർത്ഥി നിഖിൽ, പി ടി എ, എം പി ടി എ അംഗങ്ങളായ സതി, ലക്ഷ്മി, സുധ എന്നിവർ ചേർന്നാണ് ഒരുക്കങ്ങൾ നടത്തിയത് .








- വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ മാലിന്യ പരിപാലനവും,ശുചിത്വ ബോധവും,സുസ്ഥിര വികസനത്തിനുള്ള മനോഭാവവും വളർത്തുന്നതിന് വിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി

നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണ് "വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് -ഇക്കോ സെൻസ് -2025".ഇതിന്റെ ഭാഗമായി കോത്തല ഗവൺമെന്റ് വി എച്ച് എസ് എസ്സിലെ ഹരിത സേനയുടെ നേതൃത്വത്തിലുള്ള സ്വാപ്




ഷോപ്പിലേക്ക് തയ്യൽ മെഷീൻ സംഭവനയായി നൽകിയിരിക്കുകയാണ് ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികളായ ആനന്ദ് കൃഷ്ണ പ്രസാദും അദ്വൈത് കൃഷ്ണ പ്രസാദും. ഇരട്ട സഹോദരങ്ങളായ ഇവരുടെ അമ്മ ലക്ഷ്മി പ്രസാദ് സ്കൂൾ പി ടി എ അംഗമാണ്. തയ്യൽ തൊഴിലാളിയായ ലക്ഷ്മി വീട്ടിൽ ഉപയോഗശൂന്യമായി കിടന്ന തയ്യൽ മെഷീൻ റിപ്പയർ ചെയ്താണ് സ്കൂളിലേക്ക് നൽകിയത്. ഒഴിവുസമയങ്ങളിൽ കുട്ടികളെ തുന്നൽ,ക്യാരിബാഗ് നിർമ്മാണം, ചവിട്ടി നിർമ്മാണം, തുടങ്ങിയവ പഠിപ്പിക്കുവാൻ ലക്ഷ്മിയെ പോലെയുള്ള അമ്മമാരുടെ സേവനം




ഉപയോഗപ്പെടുത്തുമെന്ന് കോർഡിനേറ്റർ ദിനു ആർ നായർ അറിയിച്ചു.

- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സി എസ് ആർ ഫണ്ട് രണ്ടര ലക്ഷം രൂപ അനുവദിക്കുകയും സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുകയും ചെയ്തു.

സ്കൂളിലെ പ്രവർത്തനങ്ങൾ കാണുവാൻ ഞങ്ങളുടെ ഇൻസ്റ്റാഗ്രാം പേജ് സന്ദർശിക്കൂ
https://www.instagram.com/gvhss_kothala_edakkattukunnu/?hl=en

പൊതുജന പങ്കാളിത്തത്തോടെ മാതൃകാപരവും നൂതനവുമായ  പ്രവർത്തനങ്ങൾ നടപ്പാക്കികൊണ്ട് മികവിന്റെ കേന്ദ്രമായി മുന്നേറുകയാണ് നമ്മുടെ വിദ്യാലയം.തലമുറകൾ കൈ മാറി വന്ന ഈ അറിവിന്റെ ദീപം കെടാതെ സംരക്ഷിച്ചുകൊണ്ട് കൂടുതൽ ജ്വലിപ്പിച്ചു കൊണ്ട് വരും തലമുറകൾക്കു കൈമാറുവാൻ സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

***The woods are lovely ,dark and deep***

***But I have promises to keep***

***Miles to go before I sleep***

***And miles to go before I sleep***

ഈ കേസ് സ്റ്റഡി ജൂറിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.